"ഡോക്ടർമാരുടെ പൊതു സ്ഥലംമാറ്റം"

379 [564] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഗവൺമെന്റ് ഡോക്ടർമാർക്ക് പൊതു സ്ഥലം മാറ്റം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പൊതു സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡം എന്തെങ്കിലും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഈ കാര്യത്തിൽ ഗവൺമെന്റ് ഒരു അന്തിമതീരുമാനം എടുത്തിട്ടില്ല.

(ബി) പൊതു സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തുന്നതു നന്നായിരിക്കും എന്ന അഭിപ്രായമുണ്ട്.

പേരാമ്പ്ര ഗവൺമെന്റ് പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടം

380. [565] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര പ്രൈമറി ഹെൽത്ത് സെന്ററിന് പുതുതായി കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കെട്ടിടം പണി എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ലഭ്യത അനുസരിച്ചു മാത്രമേ അനുമതി നൽകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമായി പറയുവാൻ നിർവ്വാഹമില്ല.

കൂരാച്ചുണ്ട് ഗവൺമെന്റ് പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം

381. [566] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗവൺമെന്റ് പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം അപകട നിലയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടം പുതുക്കി നിർമ്മിക്കാനുള്ള നടപടി കൈക്കൊള്ളുമോ ;

(സി) ആശുപത്രിയിൽ വെള്ളം ലഭിക്കുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് ശുദ്ധജലം ലഭ്യമാക്കാനുള്ള നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly